ഉത്തരം

1-4-2015-ന് ശേഷം ബഹു. പ്രതിപക്ഷ നേതാവ് ശമ്പളമിനത്തിൽ 1,61,929 (ഒരുലക്ഷത്തി അറുപത്തിയൊന്നായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒൻപത്) രൂപയും, ടി.എ.-ഡി.എ. ഇനത്തിൽ 10,939 (പതിനായിരത്തി തൊള്ളായിരത്തി മുപ്പത്തിയൊൻപത്) രൂപയും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 21,743 (ഇരുപത്തിയൊന്നായിരത്തി എഴുന്നൂറ്റി നാൽപത്തിമൂന്ന്) രൂപയും ക്ലെയിം ചെയ്തിട്ടുണ്ട്.

എൻ.ജി.ഒ.-കളുടെ പ്രവർത്തനം

7(7) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ എത്ര സർക്കാർ പദ്ധതികൾ/പ്രോജക്ടുകൾ എൻ.ജി.ഒ.-മാർ മുഖേന നടപ്പിലാക്കുന്നുണ്ട് ;

(ബി) ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ എത്രകോടി രൂപയുള്ളതാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കൾക്കെല്ലാം രജിസ്ട്രേഷൻ ഉള്ളവയാണോ ;

(ഡി) രജിസ്ട്രേഷൻ ഉള്ളതും ഇല്ലാത്തതുമായ എത്ര എൻ.ജി.ഒ.-കൾ കേരളത്തിലുണ്ട്; ഇപ്രകാരമുള്ള എൻ.ജി.ഒ.-കളുടെ ഓഡിറ്റിംഗ് കൃത്യമായി നടക്കുന്നുണ്ടോ; ഇവരിൽ നിന്നും ഏതെല്ലാം ഇനങ്ങളിലാണ് റവന്യൂ ലഭിക്കുന്നത്; വ്യക്തമാക്കാമോ ;

(ഇ) കേരളത്തിൽ പ്രവർത്തിക്കുന്ന എത്ര എൻ.ജി.ഒ.കൾക്ക് വിദേശ ഫണ്ട് ലഭിക്കുന്നുണ്ട്; എങ്കിൽ എത്ര കോടിയെന്ന് വ്യക്തമാക്കാമോ; കേരളത്തിൽ ഏതെല്ലാം പദ്ധതികളാണ് വിദേശ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

വിവിധ വകുപ്പുകളിലായി അനുവദിച്ച അധിക തസ്തികകൾ

8 (8) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly